(സി) കേരള കശുവണ്ടി വികസന കോർപ്പറേഷനിൽ തോട്ടണ്ടി ഇറക്കുമതിയുമായി ബന്ധപ്പെട്ട ജോലികൾക്ക് വിദേശത്തിലേക്ക് നിയോഗിച്ചിട്ടുള്ള ചുവടെ പേരുവിവരം പറയുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ ഗാർഹികാന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

1. ശ്രീ. എം. അബ്ദുൽഖാദർ കുഞ്ഞ്
   (അസി. കോമേഴ്സിയൽ മാനേജർ)
2. ശ്രീ. ആർ. ഭാസ്കരപിള്ള
   (ഗ്രൂപ്പ് മാനേജർ)
3. ശ്രീ. എ. അപ്പുക്കുട്ടൻപിള്ള
   (ഗ്രൂപ്പ് മാനേജർ)

കാപ്പെക്സിലെ ഒരു മാനേജിംഗ് ഡയറക്ടർ, മുൻ മോണൊപ്പൊളി മാനേജർ, മൂന്നു ഫാക്ടറിമാനേജർമാർ, ഒരു ഫാക്ടറിക്ലാർക്ക്, ഒരു വാച്ചർ എന്നിവരുടെ പേരിൽ അന്വേഷണം നടന്നുവരുന്നു.

കാപ്പെക്സ് എം.ഡി.യുടെ യാത്രാച്ചെലവ്

34 (2831)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-'98 കാലയളവിൽ തിരുവനന്തപുരത്ത് താമസിച്ച് ഓഫീസ് കാറിൽ കൊല്ലത്ത് പോയിവരാൻ കാപ്പെക്സ് എം.ഡി ക്ക് ഗവൺമെന്റ് അനുവാദം നൽകിയിരുന്നോ; എങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) അനധികൃതമായിട്ടാണ് യാത്ര ചെയ്തതെങ്കിൽ ചെലവായതുക വ്യക്തിയിൽനിന്നും ഈടാക്കാൻ ഇതിനകം ഗവൺമെന്റ് സ്വീകരിച്ചനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-'98 കാലയളവിൽ തിരുവനന്തപുരത്ത് താമസിച്ച് ഓഫീസ് കാറിൽ കൊല്ലത്ത് പോയിവരാൻ കാപ്പെക്സ് എം.ഡി.യ്ക്ക് ഗവൺമെന്റ് അനുവാദം നൽകിയിരുന്നില്ല.

(ബി) അനധികൃതമായി യാത്ര ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊല്ലം കാപ്പെക്സിനുവേണ്ടി സാധനങ്ങൾ വാങ്ങൽ

35 (2832)ശ്രീ. ചെർക്കുളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :

എ.വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly